"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ദേശീയ ആരോഗ്യ ദൗത്യം- ആശാപദ്ധതി-പരിഷ്കരിച്ച മാർഗ്ഗരേഖ- ആശമാരുടെ സേവനകാലാവധി അവസാനിപ്പിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച നിബന്ധന മരവിപ്പിച്ച്- ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു ) വകുപ്പ്**

**സ.ഉ.(സാധാ) നം.983/2025/H&FWD തിരുവനന്തപുരം, തീയതി,02-04-2025**

---

പരാമർശം:- 1. 02.03.2023 തിയതിയിലെ സ.ഉ(സാധാ) നം 483/2023/H&FWD നമ്പർ ഉത്തരവ്.

2. 2025 മാർച്ച് 19 ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം.

**ഉത്തരവ്**

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2007-ൽ കേരളത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശ (ASHA- Accredited Social Health Activist) പദ്ധതി ആരംഭിക്കുകയും ആശമാരുടെ യോഗ്യത, തെരഞ്ഞെടുപ്പ്, പരിശീലനം, സേവന കാലാവധി, ഓണറേറിയം, പ്രശ്ന പരിഹാര സംവിധാനങ്ങൾ, സേവനത്തിൽ നിന്നും മാറി നിൽക്കൽ എന്നിവ സംബന്ധിച്ച് സമഗ്രമായ ഒരു പരിഷ്കരിച്ച മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്യുകയുണ്ടായി.

2 . പരാമർശം (2) പ്രകാരം ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ആശമാർ/ ആശമാരുടെ പ്രതിനിധികളുമായി 19/03/2025-ന് നടത്തിയ ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ആശാപ്രവർത്തകരുടെ സേവന കാലാവധി അവസാനിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിരുന്ന സാഹചര്യങ്ങളിൽ ഉൾപ്പെട്ടിരുന്ന ' 62 വയസ് പൂർത്തിയാകുമ്പോൾ' എന്ന നിബന്ധന മരവിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയം ഭരണ വകുപ്പ്.
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (HEALTH-FW1/157/2022-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Vipin Kumar. S
Date: 03-04-2025 10:56:38

സെക്ഷൻ ഓഫീസർ